(ബി) ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ നൽകിവരുന്ന ധനസഹായമായ രണ്ടുലക്ഷം രൂപയുള്ള ഫാക്ടറുകൾ (മരുന്ന്) ഉപയോഗിച്ചു കഴിഞ്ഞ് തുടർന്നും ഫാക്ടറുകൾ ആവശ്യമായി വന്നാൽ ഒരു ലക്ഷം രൂപ കൂടി കാരുണ്യ ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. ഹീമോഫീലിയ രോഗികൾക്ക് 3 ലക്ഷം രൂപ എന്ന പരിധി ഒഴിവാക്കി ചികിത്സ സൗജന്യമായി നൽകുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ചികിത്സാ ധനസഹായത്തിന്റെ തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) കാരുണ്യ പദ്ധതിയുടെ പാക്കേജ് പരിഷ്കരണത്തിനായി എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുന്നതിനും പാക്കേജ് വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് 5-11-2014-ൽ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെ അദ്ധ്യക്ഷയതിൽ കൂടിയ യോഗത്തിൽ ആരോഗ്യ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

താലൂക്ക് തലത്തിൽ ലോട്ടറി ഓഫീസുകൾ ആരംഭിക്കുന്നതും പാലക്കാട് ജില്ലാ ലോട്ടറി ഓഫീസിലെ സ്ഥലപരിമിതിയും

191 (2429) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് തലത്തിൽ ലോട്ടറി ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ലോട്ടറി ക്ഷേമനിധിയിലെ അംഗങ്ങൾ, കാരുണ്യ പദ്ധതിയനുസരിച്ച് അപേക്ഷ സമർപ്പിക്കുന്ന രോഗികൾ, മറ്റ് ബന്ധപ്പെട്ടവർ എന്നിവർക്ക് ഇതുമൂലം സൗകര്യം ഉണ്ടാകുമെന്ന് കരുതുന്നുണ്ടോ ;

(സി) പാലക്കാട് ജില്ലാ ലോട്ടറി ഓഫീസിലെ സ്ഥലപരിമിതി ലോട്ടറി വകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഡി) പാലക്കാട് സിവിൽ സ്റ്റേഷനിൽത്തന്നെ താഴത്തെ നിലയിൽ അനുയോജ്യമായ സ്ഥലത്തേക്ക് ഈ ഓഫീസ് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കട്ടപ്പന, പുനലൂർ, താമരശ്ശേരി എന്നിവിടങ്ങളിൽ താലൂക്ക് ഭാഗ്യക്കുറി ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് 11 ജില്ലകളിൽക്കൂടി താലൂക്കുതല ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി&ഡി) ശ്രദ്ധയിൽ വന്നിട്ടുണ്ട്. സ്ഥലത്തിന്റെ ലഭ്യതയും സൗകര്യങ്ങളും പരിശോധിച്ച് അനുയോജ്യമായ പ്രൊപ്പോസൽ ഭാഗ്യക്കുറി ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ലോട്ടറി വകുപ്പിനെ ആധുനികവത്ക്കരിക്കുന്നതിന് നടപടി

192 (2430) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂർണ്ണമായ തോതിൽ കമ്പ്യൂട്ടർ സൗകര്യങ്ങളൊരുക്കി സംസ്ഥാന ലോട്ടറി വകുപ്പിനെ ആധുനികവത്ക്കരിക്കുന്നതിനും ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും ലോട്ടറി പ്രിന്റിംഗ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സാധാരണക്കാരായ തൊഴിൽരഹിതരുടെ അപേക്ഷ പ്രകാരം ഏജൻസി അനുവദിക്കുന്നതിനും ആവശ്യപ്രകാരമുള്ള ലോട്ടറി ലഭ്യമാക്കുന്നതിനും സമ്മാനങ്ങൾ പരിഷ്കരിക്കുന്നതിനും കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) താലൂക്കടിസ്ഥാനത്തിൽ ലോട്ടറി ഓഫീസുകൾ അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഭാഗ്യക്കുറി ഓഫീസുകളിലെ വർദ്ധിച്ചുവരുന്ന തിരക്ക് പരിഗണിച്ച് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നകാര്യം പരിശോധിച്ചു വരികയാണ്. ഓഫീസുകളുടെ പ്രവർത്തനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന് നിലവിലെ ടിക്കറ്റ് വിതരണം കാര്യക്ഷമമാക്കുന്നതിനുമായി software enchancement അടക്കമുള്ള പരിഷ്കരണങ്ങൾ പരിഗണനയിലാണ്.

സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ അച്ചടിക്കുന്ന പ്രസ്സുകളിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എറണാകുളം KBPS പ്രസ്സിന് 5 കളർ ഷീറ്റ് ഫെഡ് മെഷീൻ വാങ്ങുന്നതിനായി ഭാഗ്യക്കുറി വകുപ്പിൽ നിന്നും 6 കോടി രൂപ വായ്പ അനുവദിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം C-apt പ്രസ്സിന് ഒരു 4 കളർ വെബ് ഓഫ്സെറ്റ് മെഷീൻ വാങ്ങാൻ 4.5 കോടി രൂപയുടെ വായ്പ വകുപ്പിൽ നിന്ന് അനുവദിക്കാനും സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ 2.5 കോടി രൂപയുടെ അധിക വായ്പാത്തുക കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് C-apt സമർപ്പിച്ചിട്ടുള്ള പുതിയ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ടിക്കറ്റ് അച്ചടിയിലെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി വാട്ടർമാർക്ക് പേപ്പറിൽ ലോട്ടറി ടിക്കറ്റുകൾ അച്ചടിക്കുന്നതിനുള്ള ശ്രമങ്ങളും വകുപ്പ് നടത്തി വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly